>> പ്രതികരണം

# സംവരണത്തിനെതിരെ 'മതേതര' തടസ്സവാദങ്ങൾ

റഹ്മാൻ മധുരക്കുഴി

**ന്യൂനപക്ഷങ്ങളുടെ** അവകാശ സംരക്ഷണം ഉയർത്തിക്കാട്ടി ന്യൂദൽഹി രാംലീല മൈതാനിയിൽ അഖിലേന്ത്യാ മില്ലി കൗൺസിൽ ഈയിടെ ഒരു വൻ റാലി സംഘടിപ്പിക്കുകയുണ്ടായി. അഅ്സംഗഢിൽനിന്നാരംഭിച്ച മില്ലി കൗൺസിൽ റാലി ആവേശകരമായ ചുവടുവെപ്പാണെന്നും മൂന്നു ദശാബ്ദത്തിനു ശേഷമാണ് അവർ തുറന്ന വേദിയിൽ ഇത്തരമൊരു സമ്മേളനം സംഘടിപ്പിക്കുന്നതെന്നുമാണ് ഒരു പത്രപ്രവർത്തകൻ പ്രതികരിച്ചത്. തങ്ങളുടെ സമുദായം നേരിടുന്ന ദുരിതങ്ങളെക്കുറിച്ച ആശങ്കകൾ പരസ്യമായി പ്രകടിപ്പിക്കാൻ മുസ്‌ലിംകൾ തയാറാകുന്നു എന്നതിന്റെ സൂചനയാണിതെന്നും സമുദായത്തിന്റെ പുതിയ സമീപനത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

രാംലീലാ മൈതാനിയിൽ മില്ലി കൗൺസിൽ സംഘടിപ്പിച്ച വൻ റാലിയിൽ മുസ്‌ലിം പിന്നാക്കാവസ്ഥക്ക് പരിഹാരം കാണുന്നതിന് അവർക്ക് സംവരണം നൽകണമെന്ന പ്രമേയം കൊണ്ടുവന്നത് കുൽദീപ് നയാർ എന്ന പത്രപ്രവർത്തകനെ പ്രകോപിപ്പിച്ചിരിക്കുന്നു. നയാർ എഴുതുന്നു: "സംവരണം ആവശ്യപ്പെട്ട് ആ റാലിയിൽ അംഗീകരിച്ച പ്രമേയം എന്നെ തെല്ല് നിരാശപ്പെടുത്തി. സംവരണവാദം ഹിന്ദു പക്ഷപാതിത്വമോ മുസ്‌ലിംകളോടുള്ള അകൽച്ചയോ കുറക്കില്ല. തൊഴിലവസരങ്ങളിലും പാർലമെന്റിലെയും നിയമസഭകളിലെയും സീറ്റുകളിലും സംവരണം തേടിക്കൊണ്ടുള്ള മുറവിളി പഴയ വിഭജനകാലത്തേക്കാണ് നയിക്കുക. മതനിരപേക്ഷത പൂർണമായും തണൽ വിരിച്ചിട്ടില്ലാത്ത ഒരു സമൂഹത്തിൽ മതാടിസ്ഥാനത്തിലുള്ള ഏത് ആവശ്യവും ആപത്കരമാണ്. മതാടിസ്ഥാനത്തിൽ ആനുകൂല്യം വേണമെന്ന വാദം വീണ്ടും തീക്കളിക്ക് വഴിയൊരുക്കും" (*മാതൃഭൂമി* 23.2.09, 'മത സംവരണ വാദം ആപത്ത്').

രാജ്യത്തെ ഏറ്റവും വലിയ മതന്യൂനപക്ഷത്തിന്റെ ശോച്യാവസ്ഥ, സ്വാതന്ത്ര്യത്തിന്റെ ആറു പതിറ്റാണ്ടുകൾക്ക് ശേഷവും എവിടെ എത്തിനിൽക്കുന്നുവെന്ന് സച്ചാർ സമിതി റിപ്പോർട്ട് തുറന്ന് കാണിച്ചിട്ടുണ്ട്. 1957ൽ എ.ഐ.സി.സി നിയോഗിച്ച ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച സബ് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ശോച്യാവസ്ഥ തന്നെയാണ് അര നൂറ്റാണ്ടിനു ശേഷം സച്ചാറും കണ്ടെത്തിയത്.

**'റോ'യിൽ ഒറ്റ മുസ്‌ലിമുമില്ല. 'ഐ.ബി'യിൽ സുപ്രധാന സ്ഥാനങ്ങളിൽ മുസ്‌ലിംകളെ നിലനിർത്താറില്ല. വി.വി.ഐ.പികളുടെ സുരക്ഷാ ഉദ്യോഗസ്ഥരിൽ സിഖ്, മുസ്‌ലിം വിഭാഗത്തിൽനിന്ന് ആരെയും നിയമിക്കാറില്ല. റോയിലെ പതിനായിരത്തോളം ഉദ്യോഗസ്ഥരിൽ ഒരാൾ പോലും മുസ്‌ലിം വിഭാഗത്തിൽനിന്ന് ഇല്ലാത്തതിന്റെ പശ്ചാത്തലം, മുസ്‌ലിം വിഭാഗത്തിൽപെട്ട ആളെ നിശ്ചയിക്കരുതെന്ന അലിഖിത നിയമമാണെന്ന് *ഔട്ട്‌ലുക്ക്* വാരിക ഈയിടെ ചൂണ്ടിക്കാണിച്ചിരുന്നു.**

ഇന്ത്യയിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരിൽ 28.7 ശതമാനവും മുസ്‌ലിംകൾ, 18നും 25നുമിടയിൽ പ്രായമുള്ള തൊഴിൽ രഹിതരിൽ മുസ്‌ലിം പ്രാതിനിധ്യം 55.2 ശതമാനം. ഹിന്ദു മുന്നാക്ക ജാതിക്കാരിൽ ഇത് 14.2 ശതമാനം മാത്രം. സർക്കാർ ജോലികളിൽ മുസ്‌ലിം പ്രാതിനിധ്യം 4 ശതമാനം. 1957ലെ എ.ഐ.സി.സി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ടാണിത്. 2008 ലെ സ്ഥിതിയും മാറ്റമില്ലാതെ തുടരുന്നു. ജനസംഖ്യയിൽ നാലിലൊന്ന് മുസ്‌ലിംകളുള്ള കേരളത്തിൽ പോലും നീതിന്യായ വിഭാഗത്തിൽ അവരുടെ പ്രാതിനിധ്യം 12.3 ശതമാനം മാത്രം. സർക്കാർ ജോലി 10ൽ ഒന്ന് മാത്രം. മിക്കവാറും സംസ്ഥാനങ്ങളിൽ അർഹമായതിന്റെ പകുതി പോലും അവർക്ക് ലഭിച്ചിട്ടില്ല. ജോലികളിൽ മുസ്‌ലിം പ്രാതിനിധ്യം ഏറ്റവും കുറവ് പശ്ചിമ ബംഗാളിലും യു.പിയിലും ബീഹാറിലുമാണ്. ബംഗാളിൽ സർക്കാർ ജോലികളിലെ മുസ്‌ലിം പ്രാതിനിധ്യം വെറും 4 ശതമാനം മാത്രം. ഉന്നത തസ്തികകളിലെ മുസ്‌ലിം പ്രാതിനിധ്യം വട്ടപൂജ്യം!

'റോ'യിൽ ഒറ്റ മുസ്‌ലിമുമില്ല. 'ഐ.ബി'യിൽ സുപ്രധാന സ്ഥാനങ്ങളിൽ മുസ്‌ലിംകളെ നിലനിർത്താറില്ല. വി.വി.ഐ.പികളുടെ സുരക്ഷാ ഉദ്യോഗസ്ഥരിൽ സിഖ്, മുസ്‌ലിം വിഭാഗത്തിൽനിന്ന് ആരെയും നിയമിക്കാറില്ല. റോയിലെ പതിനായിരത്തോളം ഉദ്യോഗസ്ഥരിൽ ഒരാൾ പോലും മുസ്‌ലിം വിഭാഗത്തിൽനിന്ന് ഇല്ലാത്തതിന്റെ പശ്ചാത്തലം, മുസ്‌ലിം വിഭാഗത്തിൽപെട്ട ആളെ നിശ്ചയിക്കരുതെന്ന അലിഖിത നിയമമാണെന്ന് *ഔട്ട്‌ലുക്ക്* വാരിക ഈയിടെ ചൂണ്ടിക്കാണിച്ചിരുന്നു.

*മാതൃഭൂമി* കോളമിസ്റ്റ് ഹരിജയ്

സിംഗ് എഴുതി: "പാകിസ്താനിൽ പോവാതെ, ഇന്ത്യയിൽതന്നെ നിലയുറപ്പിക്കാൻ തീരുമാനിച്ച മുസ്‌ലിംകളെക്കുറിച്ച് ചിന്തിക്കേണ്ട ചുമതല ഇന്ത്യൻ നേതാക്കൾക്കുണ്ട്. യഥാർഥത്തിൽ നമ്മൾ മുസ്‌ലിം സമൂഹത്തിന് മികച്ച തൊഴിൽ സാധ്യതകൾ ഉറപ്പു നൽകേണ്ടിയിരുന്നു. അവരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിക്ക് ഉയർച്ച ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടിയിരുന്നു. ഇത് വല്ലതും ഉണ്ടായോ? യഥാർഥത്തിൽ മറ്റൊരു കഥയാണ് പറയുന്നത്" (10.11.2006).

കുൽദീപ് നയാർ വാദിക്കുന്നതുപോലെ, 'തങ്ങൾ മുസ്‌ലിംകളായതുകൊണ്ട് തങ്ങൾക്ക് പ്രത്യേകമായി സംവരണം നൽകണം' എന്ന വാദമല്ല അവർ ഉയർത്തുന്നത്. അതുകൊണ്ടുതന്നെ അത് മതത്തിന്റെ പേരിലുള്ള സംവരണവാദവുമല്ല. മുസ്‌ലിം സമൂഹം ചരിത്രപരമായ കാരണങ്ങളാലും ദീർഘകാലം രാജ്യം അടക്കിവാണ ഭരണകൂടങ്ങളുടെ വിവേചനപരവും അവഗണനാപരവുമായ സമീപനങ്ങളാലും പിൻതള്ളപ്പെട്ടുപോയവരാണ്. 'മുസ്‌ലിം സമുദായത്തിനോ മറ്റേതെങ്കിലും സമുദായത്തിനോ സാമൂഹികമായ പിന്നാക്കാവസ്ഥയുണ്ടെങ്കിൽ അതിന് പ്രധാന കാരണം ഇവിടത്തെ ഭരണകൂടങ്ങളാണ്' എന്ന *മാതൃഭൂമി* മുഖപ്രസംഗം (19.11.2006) ഈ യാഥാർഥ്യത്തിന് നേരെയാണ് വിരൽചൂണ്ടുന്നത്. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തെ, മുന്നാക്കം നിൽക്കുന്ന വിഭാഗത്തോടൊപ്പം കൊണ്ടുവരികയെന്നത് സാമൂഹിക നീതിയുടെ താൽപര്യവുമാണ്. മുസ്‌ലിംകൾ പിന്നാക്കം നിൽക്കുന്നുവെന്നതാണ് സംവരണാവശ്യത്തിന്റെ ന്യായീകരണം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് മുസ്‌ലിം സമുദായത്തിന്റെ യഥാർഥ സ്ഥിതിയിലേക്ക് വെളിച്ചം വീശുന്നു. വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക മേഖലകളിൽ മുസ്‌ലിംകൾ ബഹുദൂരം പിന്നിലാണെന്ന സമിതിയുടെ വിലയിരുത്തൽ സർക്കാറിന്റെയും ഇതര സമുദായങ്ങളുടെയും അടിയന്തര ശ്രദ്ധ പതിയേണ്ട ഒന്നാണെന്ന *മാതൃഭൂമി* മുഖപ്രസംഗം, സംവരണത്തിലൂടെ പ്രശ്നപരിഹാര നിർവഹണം ന്യായമാണെന്ന വസ്തുതയാണ് ഊന്നിപ്പറയുന്നത്.

'മുസ്‌ലിംകൾ സംവരണത്തിനർഹരാണ്' എന്ന ശീർഷകത്തിൽ *കേരള കൗമുദി* (19.11.2006) മുഖപ്രസംഗം ഊന്നിപ്പറയുന്നതും മറ്റൊന്നല്ല. "സാമൂഹികമായും വിദ്യാഭ്യാസപരമായും പിൻതള്ളപ്പെട്ടവരും, സർക്കാർ സർവീസിൽ മതിയായ പ്രാതിനിധ്യമില്ലാത്തവരുമായ വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്നാണ് ഭരണഘടനയിൽ നിർദേശിച്ചിട്ടുള്ളത്. മുസ്‌ലിംകൾ എന്തുകൊണ്ടും സംവരണത്തിന് അർഹരാണെന്നാണ് തെളിഞ്ഞിരിക്കുന്നത്."

**മുസ്‌ലിം സമൂഹം ചരിത്രപരമായ കാരണങ്ങളാലും ദീർഘകാലം രാജ്യം അടക്കിവാണ ഭരണകൂടങ്ങളുടെ വിവേചനപരവും അവഗണനാപരവുമായ സമീപനങ്ങളാലും പിൻതള്ളപ്പെട്ടുപോയവരാണ്. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തെ, മുന്നാക്കം നിൽക്കുന്ന വിഭാഗത്തോടൊപ്പം കൊണ്ടുവരികയെന്നത് സാമൂഹിക നീതിയുടെ താൽപര്യവുമാണ്. മുസ്‌ലിംകൾ പിന്നാക്കം നിൽക്കുന്നുവെന്നതാണ് സംവരണാവശ്യത്തിന്റെ ന്യായീകരണം.**

ബീഹാറിലെ മുസ്‌ലിംകൾ ഇപ്പോഴും താഴെതട്ടിൽതന്നെ തുടരുകയാണെന്നും ജനസംഖ്യാനുപാതികമായ തൊഴിലവസരങ്ങളോ മറ്റു ആനുകൂല്യങ്ങളോ അവർക്ക് കിട്ടുന്നില്ലെന്നുമുള്ള സംസ്ഥാന ന്യൂനപക്ഷ കമീഷൻ റിപ്പോർട്ടോടെ സമുദായം നിരാശരായിരിക്കുകയാണെന്നും പറയുന്നത് കുൽദീപ് നയാർ തന്നെയാണ് (*മാധ്യമം* 17.2.2005).

മുസ്‌ലിംകൾ ഒ.ബി.സി പരിധിയിൽ വരുന്നതിനാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 25 ശതമാനം സംവരണം വേണമെന്നത് പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തിരുന്നു. ബി.ജെ.പി ഒഴിച്ചുള്ള പാർട്ടികൾ ഇതിനെ പിന്തുണച്ചുവെങ്കിലും കേന്ദ്ര സർക്കാർ ഈ നിർദേശം പരിഗണിച്ചില്ല. സ്വയം തൊഴിൽ വായ്പയിൽ 15 ശതമാനം മുസ്‌ലിംകൾക്ക് നീക്കിവെക്കണമെന്ന നിർദേശവും തള്ളപ്പെട്ടു.

ഇന്ത്യൻ അധികാരശ്രേണിയിൽ മുസ്‌ലിംകൾക്ക് അർഹമായ പ്രാതിനിധ്യമില്ല. നിയമനിർമാണസഭയിലും ഭരണനിർവഹണരംഗത്തും നീതിന്യായരംഗത്തും ഇതുതന്നെയാണ് സ്ഥിതി.

ഇത്തരമൊരു ദുർവഹവും നിരാശാജനകവുമായ സ്ഥിതിവിശേഷത്തിന്റെ സമ്മർദമാണ് മറ്റൊരു ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായ സന്ദർഭത്തിൽ, നിയമസഭകളിലും പാർലമെന്റിലും പാർശ്വവത്കരിക്കപ്പെട്ട മുസ്‌ലിം സമുദായത്തിന് സംവരണം ആവശ്യമാണെന്ന് വിളിച്ചുപറയാൻ അവർ നിർബന്ധിതരാകുന്നത്. സംവരണവും പ്രത്യേക അവകാശങ്ങളും എന്തുകൊണ്ട് മുസ്‌ലിംകൾക്ക് ആവശ്യമായി വരുന്നുവെന്ന് സമാദരണീയനായ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ വിശദീകരിക്കുണ്ട്:

"ഭാരതത്തിലെ ഏത് സംസ്ഥാനത്തും, ഭൂരിപക്ഷ സമുദായത്തിന് ക്യാബിനറ്റിലും നിയമസഭയിലും കോടതിയിലും ഒരു ഭൂരിപക്ഷ പ്രാതിനിധ്യം പ്രത്യേക ആനുകൂല്യങ്ങളില്ലാതെ തന്നെ സ്വയം ശക്തികൊണ്ട് നിലനിർത്താൻ കഴിയുന്നു. അതുകൊണ്ടാണ് ജനാധിപത്യ സംസ്കാരത്തിൽ പ്രത്യേക സംരക്ഷണ വ്യവസ്ഥകൾ ന്യൂനപക്ഷത്തിന് വേണ്ടി എഴുതിച്ചേർക്കുന്നത്. സർവസമത്വ സംസ്കാരം ഭൂരിപക്ഷത്തെ കാത്തുരക്ഷിക്കുന്നു. ന്യൂനപക്ഷമാവട്ടെ സംഖ്യാബലം ഇല്ലാത്തതുകൊണ്ട്, ഭരണചക്രത്തിൽ വേണ്ടത്ര പ്രാതിനിധ്യമില്ലാത്തതുകൊണ്ട്, പ്രത്യേക സംരക്ഷണ വ്യവസ്ഥയില്ലെങ്കിൽ സമത്വ സുന്ദരമായി വികസിക്കാൻ പരിതസ്ഥിതി അനുവദിക്കാത്ത നിലയിൽ കഷ്ടപ്പെടുന്നു. ഭൂരിപക്ഷ മേധാവിത്വം ഭരണചക്രം ഉപയോഗിച്ചുകൊണ്ട് നടമാടുകയാണെങ്കിൽ നമ്മൾ എത്തിച്ചേരുന്നത് ഏകാധിപത്യത്തിലേക്കാണ്" (*മാതൃഭൂമി*, 2002 ഏപ്രിൽ 29).

മുസ്‌ലിം സമൂഹം സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ ഏറെ പിന്നാക്കമാണെന്നത് അംഗീകരിക്കുന്നവർ, പരിഹാരാർഥം ഭരണഘടന അംഗീകരിക്കുന്ന സംവരണത്തെ വിഭജനവാദമായി ചിത്രീകരിക്കുന്നതിലെ വൈരുധ്യം എന്തുകൊണ്ട് തിരിച്ചറിയപ്പെടാതെ പോവുന്നു? "സംവരണം ന്യൂനപക്ഷ-ഭൂരിപക്ഷ തർക്കങ്ങളെ കൂടുതൽ വഷളാക്കുമെന്നും വിഘടനവാദത്തിന്റെ ആക്കം വർധിപ്പിക്കും" (ദീനാനാഥ് മിശ്ര, *മാതൃഭൂമി* 10.12.2006) എന്നുമുള്ള സംഘ്പരിവാർ തടസ്സവാദങ്ങളും, മതേതരത്വത്തിന്റെ ശക്തനായ വക്താവായ കുൽദീപ് നയാറുടെ തത്തുല്യ വാദങ്ങളും ഒരേ ബിന്ദുവിൽ സന്ധിക്കുന്നത് വിചിത്രമായി തോന്നുന്നു. "പിന്നാക്കാവസ്ഥയിലുള്ള സമുദായങ്ങളെ സമുദ്ധരിക്കാൻ വേണ്ട നടപടികൾ സർക്കാർ എടുക്കുമ്പോൾ, അതിനെ ഇതര സമുദായങ്ങളോടുള്ള അവഗണനയായി മനഃപൂർവം ചിത്രീകരിക്കുന്നു" (*മാതൃഭൂമി* മുഖപ്രസംഗം, 10.12.2006). ■